# 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ

1961-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1961-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3 സി എന്ന പുതിയ വകുപ്പ് ചേർക്കൽ.—1994-ലെ കേരള തദ്ദേശാധികാര സ്ഥാന വിനോദനികുതി ആക്റ്റിലെ (1961-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 ബി വകുപ്പിനുശേഷം താഴെ പറയുന്ന പുതിയ വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3സി. സെസ്സ് ചുമത്തലും സമാഹരിക്കലും.—(1) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിൻ (2011-ലെ 6) കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ ആവശ്യങ്ങൾക്കായി പ്രവേശനത്തിനുള്ള പണം ഇരുപത്തി അഞ്ച് രൂപയിൽ കവിയുന്ന സിനിമയ്ക്കുള്ള ഓരോ പ്രവേശനത്തിനും, സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന പ്രകാരം മൂന്നുരൂപയിൽ കവിയാത്ത, അങ്ങനെയുള്ള നിരക്കിൽ ഒരു സെസ്സ് ചുമത്തേണ്ടതും സമാഹരിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തുന്ന സെസ്സ് ഓരോ സിനിമാ പ്രവേശനത്തിനുമുള്ള പണത്തിൻമേലുള്ള നികുതിയോടൊപ്പം തദ്ദേശാധികാരസ്ഥാനം സമാഹരിക്കേണ്ടതും സെസ്സിൽ നിന്നുള്ള വരവ്, സർക്കാർ വിനിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള നിരക്കിലുള്ള കളക്ഷൻ ചാർജ് കുറവുചെയ്ത് 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിൻ (2011-ലെ 6) കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട് ബോർഡിലേക്ക് അടയ്ക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ കലണ്ടർ മാസത്തേക്കും സമാഹരിക്കുന്ന സെസ്സിന്റെ വരവ് തദ്ദേശാധികാരസ്ഥാനത്തിന്റെ സെക്രട്ടറി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് തുടർന്നുവരുന്ന മാസത്തിലെ 15-ാം തീയതിയോ അതിനുമുൻപോ അടയ്ക്കേണ്ടതാണ്.

(4) തദ്ദേശാധികാരസ്ഥാനം സമാഹരിക്കുന്ന സെസ്സിന്റെ വരവ് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കകം അടയ്ക്കാത്തിടത്ത്, പ്രസ്തുത തുക, പ്രസ്തുത സമയപരിധി മുതൽ പ്രതിമാസം ഒന്നരശതമാനം നിരക്കിലുള്ള പിഴയോടുകൂടി, ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനം കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കേണ്ടതാണ്.

(5) വൈകുന്ന എല്ലാ പണം കൊടുക്കലുകൾക്കും ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന്റെ സെക്രട്ടറിയും പ്രസിഡന്റും അഥവാ ചെയർപേഴ്സണും കൂട്ടായി ഉത്തരവാദികളായിരിക്കുന്നതും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് പിഴയായി അടയ്ക്കുന്ന ഏതെങ്കിലും തുക തദ്ദേശാധികാരസ്ഥാനത്തിന്റെ അങ്ങനെയുള്ള സെക്രട്ടറിയിൽ നിന്നും പ്രസിഡന്റിൽ നിന്നും അഥവാ ചെയർപേഴ്സണിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(6) 5-ഉം 6-ഉം 7-ഉം 7എ-യും 8 മുതൽ 10 വരെയും വകുപ്പുകളിലെ വ്യവസ്ഥകൾ സിനിമാ പ്രവേശനത്തിനുള്ള ടിക്കറ്റുകളിന്മേലുള്ള സെസ്സിനെ സംബന്ധിച്ച് ബാധകമായിരിക്കുന്നതും അവയിലെ 'നികുതി' എന്ന പദം 'സെസ്സ്' കൂടി ഉൾപ്പെടുന്ന വിധം അർത്ഥം കൽപ്പിക്കേണ്ടതുമാണ്.".

3. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) തദ്ദേശാധികാരസ്ഥാനം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോഴെല്ലാം, തദ്ദേശാധികാരസ്ഥാനത്തിന് കിട്ടേണ്ട നികുതി സംബന്ധിച്ചുള്ള ഏതെങ്കിലും ഡാറ്റായുടെയോ വിവരത്തിന്റെയോ പ്രാപ്യതയ്ക്കോ പരിശോധനയ്ക്കോ ഉള്ള സൗകര്യമുള്ള, സർക്കാർ അംഗീകരിച്ച ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്വെയറോടുകൂടിയ ഒരു ഇലക്ട്രോണിക് ഉപകരണത്തിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന, അങ്ങനെയുള്ള ടിക്കറ്റിനുള്ള ശരിയായ നികുതി സൂചിപ്പിക്കുന്ന, ഇലക്ട്രോണിക് രൂപത്തിലുള്ള ഒരു ടിക്കറ്റോടുകൂടിയോ; അല്ലെങ്കിൽ"

(ബി) (1)-ാം ഉപവകുപ്പിനോട് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഏതെങ്കിലും വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ വിനോദങ്ങൾക്ക് അല്ലെങ്കിൽ ഒരു വിനോദം നടത്തുന്ന ഏതെങ്കിലും സ്ഥലം അല്ലെങ്കിൽ സ്ഥലങ്ങളിലേക്കുള്ള പ്രവേശനം (1)-ാം ഉപവകുപ്പിന്റെ (എഎ) ഖണ്ഡപ്രകാരമുള്ള ഒരു ടിക്കറ്റോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളു എന്ന് സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, വിനിർദ്ദേശിക്കാവുന്നതും അതിന്മേൽ അങ്ങനെയുള്ള വിനോദത്തിനുള്ള പ്രവേശനത്തിനായി (എ) ഖണ്ഡപ്രകാരമുള്ള യാതൊരു ടിക്കറ്റും നൽകുവാൻ പാടില്ലാത്തതും ആകുന്നു.".

(സി) (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(3) (1)-ാം ഉപവകുപ്പ് (എഎ) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഇലക്ട്രോണിക് രൂപത്തിലുള്ള ടിക്കറ്റ് ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ ഹാർഡ്‌വെയ റോടും ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറോടും കൂടിയ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുന്ന ആവശ്യത്തിനുവേണ്ടിയും അങ്ങനെയുള്ള ഉപകരണങ്ങളുടെ പരിപാലന ത്തിനുവേണ്ടിയും, സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിരക്കിലും രീതിയിലും ഉള്ള ഒരു തുക ടിക്കറ്റിനോടൊപ്പം സർവ്വീസ് ചാർജ്ജിലേക്കായി ചുമത്തേണ്ടതും സമാഹരിക്കേണ്ടതുമാണ്.".

4. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 6-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "(എ) എന്ന ഖണ്ഡത്തിൽ" എന്ന വാക്കുകൾക്കും അക്ഷരത്തിനും ബ്രാക്കറ്റിനും ശേഷം "അല്ലെങ്കിൽ (എഎ) ഖണ്ഡത്തിൽ" എന്ന വാക്കുകളും അക്ഷരങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) 1958-ലെ കേരള സിനിമ (നിയന്ത്രണ) ആക്റ്റിലോ (1958-ലെ 32) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സിനിമാ തിയേറ്റർ നടത്തുന്നതിനും അതിലെ പ്രദർശനത്തിനുമുള്ള യാതൊരു ലൈസൻസോ പെർമിറ്റോ അങ്ങനെയുള്ള തിയേറ്ററിന്റെ ഉടമസ്ഥൻ തൊട്ടുമുൻപുള്ള മാസംവരെ അടയ്ക്കുവാനുള്ള വിനോദനികുതി അടയ്ക്കാത്തപക്ഷം ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനം പുതുക്കി നൽകുവാൻ പാടുള്ളതല്ല.".

5. 11-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 11-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) സർവ്വീസ് ചാർജുകളുടെ നിരക്കും 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഇലക്ട്രോണിക് രൂപത്തിലുള്ള ടിക്കറ്റ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഹാർഡ് വെയറും ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി അത് സമാഹരിക്കേണ്ടതിന്റെയും നൽകേണ്ടതിന്റെയും രീതിയും നിശ്ചയിക്കു ന്നതിനും".

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ഓർഡിനൻസ് (2013-ലെ 22) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെ ങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിൻ (2011-ലെ 6) കീഴിൽ രൂപീകരിച്ച കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേക്ക് വരവ് വയ്ക്കുന്നതിനായി ഇരുപത്തിയഞ്ച് രൂപയിൽ കവിയുന്ന ഓരോ സിനിമാ ടിക്കറ്റിൻമേലും സെസ്സ് ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു.

2. സംസ്ഥാനത്തെ സിനിമ തീയേറ്ററുകളിൽ നിന്നും തദ്ദേശാധികാരസ്ഥാനങ്ങൾക്ക് കിട്ടേണ്ടുന്ന ഭീമമായ തുകയുടെ വിനോദ നികുതി വെട്ടിപ്പിനെക്കുറിച്ചുള്ള പലതരം പരാതികൾ സർക്കാരിന് കിട്ടിയിട്ടുണ്ട്. അതനുസരിച്ച്, സർക്കാൽ ഇക്കാര്യം പരിശോധിക്കുകയും, മുദ്ര അടിച്ചതോ പതിച്ചതോ കൊത്തിയതോ ഒട്ടിച്ചതോ ആയ ടിക്കറ്റോടു കൂടിയും അങ്ങനെയുള്ള ടിക്കറ്റിന് ശരിയായ നികുതി കാണിച്ചുകൊണ്ടും തദ്ദേശാധികാരസ്ഥാനം നൽകുന്ന ടിക്കറ്റ് പ്രകാരം വിനോദനികുതി പിരിക്കുന്ന നിലവിലുള്ള സമ്പ്രദായം നികുതി വെട്ടിപ്പ് തടയാൻ പര്യാപ്തമല്ല എന്ന് കാണുകയും ചെയ്തു. ആയതിനാൽ, സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന വിനോദങ്ങൾക്കുള്ള പ്രവേശനത്തിന് വേണ്ടി നികുതി വെട്ടിപ്പ് തടയത്തക്കവിധം ഇലക്ട്രോണിക് രൂപത്തിലുള്ള ടിക്കറ്റുകൾ നൽകുന്ന സമ്പ്രദായം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിനായി ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതും അങ്ങനെയുള്ള ഉപകരണങ്ങൾ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട ചെലവ് വഹിക്കുന്നതിനായി ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങളിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം അങ്ങനെയുള്ള നിരക്കിൽ ടിക്കറ്റിനോടൊപ്പം സർവ്വീസ് ചാർജിലേക്കായി ഒരു തുക കൂടി സമാഹരിക്കുവാനും സർക്കാർ തീരുമാനിച്ചു.

3. ചില സിനിമ തീയേറ്റർ ഉടമകൾ വിനോദ നികുതി യഥാസമയം അടയ്ക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള യാതൊരു നികുതിയും തൊട്ടു മുമ്പുള്ള മാസം വരെ അടച്ചില്ലായെങ്കിൽ സിനിമ തീയേറ്റർ നടത്തുവാനോ പ്രദർശനം നടത്തുവാനോ ഉള്ള ലൈസൻസോ അല്ലെങ്കിൽ പെർമിറ്റോ തദ്ദേശാധികാര സ്ഥാപനം പുതുക്കി നൽകാൻ പാടില്ലായെന്നുള്ള വ്യവസ്ഥകൾ ആക്റ്റിൽ കൊണ്ടുവരുന്നതിനും സർക്കാർ തീരുമാനിച്ചു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി ആക്റ്റിന്റെ 3, 5, 6, 11 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് അടിയന്തിരമായി നിയമനിർമ്മാണം നടത്തേണ്ട സാഹചര്യങ്ങളുണ്ടായിരുന്നതിനാലും 2012-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി (ഭേദഗതി) ഓർഡിനൻസ്, 2012 നവംബർ 24-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 61-ാം നമ്പർ ഓർഡിനൻസായി 2012 നവംബർ 25-ാം തീയതിയിലെ 1260-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2010 ഡിസംബർ 21-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ഓർഡിനൻസ് 2013 ജനുവരി 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 11-ാം നമ്പർ ഓർഡിനൻസായി 2013 ജനുവരി 15-ാം തീയതിയിലെ 119-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡമനുസരിച്ച് പ്രസ്തുത അനുച്ഛേദ പ്രകാരം ഗവർണ്ണർ വിളംബരപ്പെടുത്തിയ ഒരു ഓർഡിനൻസിന്റെ കാലാവധി നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച കഴിയുമ്പോൾ അവസാനിക്കുന്നതാണ്.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ഓർഡിനൻസ് 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 22-ാം നമ്പർ ഓർഡിനൻസായി 2013 ഫെബ്രുവരി 27-ാം തീയതിയിലെ 561-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

9. 2013-ലെ 22-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിൻ (2011-ലെ 6) കീഴിൽ രൂപീകരിച്ച കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ടിന്റെ ആവശ്യത്തിലേക്കായി പ്രവേശനത്തിനുള്ള പണം ഇരുപത്തിയഞ്ച് രൂപയിൽ കവിയുന്ന സിനിമയ്ക്കുള്ള ഓരോ പ്രവേശനത്തിനും മൂന്നു രൂപയിൽ കവിയാത്ത തുക സെസ്സായി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 3സി വകുപ്പ് കൊണ്ടുദ്ദേശിക്കുന്നു.

2. ഏതെങ്കിലും വിഭാഗത്തിലെയോ വിഭാഗങ്ങളിലെയോ വിനോദങ്ങൾക്ക് അല്ലെങ്കിൽ വിനോദം നടത്തുന്ന സ്ഥലം അല്ലെങ്കിൽ സ്ഥലങ്ങളിലേക്കുള്ള പ്രവേശനം ഇലക്ട്രോണിക് രൂപത്തിലുള്ള ഒരു ടിക്കറ്റോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന്

വിനിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന കൊണ്ടുദ്ദേശിക്കുന്നു.

3. ഇലക്ട്രോണിക് രൂപത്തിലുള്ള ടിക്കറ്റ് ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള ഹാർഡ് വെയറോടും ആപ്ലിക്കേഷൻ സോഫ്റ്റവെയറോടും കൂടിയ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും വേണ്ടിയുള്ള സർവ്വീസ് ചാർജിന്റെ നിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിന്റെ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് കൊണ്ടുദ്ദേശിക്കുന്നു.

4. സർവ്വീസ് ചാർജിന്റെ നിരക്കും ഇലക്ട്രോണിക് രൂപത്തിലുള്ള ടിക്കറ്റ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഹാർഡ് വെയറും ആപ്ലിക്കേഷൻ സോഫ്റ്റ് വെയറും സ്ഥാപിക്കുന്നതിലേക്ക് അത് സമാഹരിക്കേണ്ടതിന്റെയും അത് നൽകേണ്ടതിന്റെയും രീതി നിശ്ചയിക്കുന്നതിന് ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 5-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 11-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (സി) ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയ ശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

മഞ്ഞളാംകുഴി അലി.

(ശരിത്തർജ്ജമ)

## 1961-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ആക്റ്റിലെ (1961-ലെ 20) പ്രസക്തഭാഗങ്ങൾ

** ** **

3. നികുതി ചുമത്തുന്നതിനേയും നികുതി നിരക്കിനേയും സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ.—ഏതൊരു തദ്ദേശാധികാരസ്ഥാനത്തിനും വല്ല വിനോദത്തിനുമുള്ള പ്രവേശനത്തിനു കൊടുക്കുന്ന ഓരോ തുകയിന്മേലും ഇരുപത്തിനാലു ശതമാനത്തിൽ കുറയാതെയും നാല്പത്തിയെട്ടു ശതമാനത്തിൽ കവിയാതെയും ഉള്ള നിരക്കിൽ ഒരു നികുതി (ഇതിനുശേഷം വിനോദ നികുതി എന്നു പറയപ്പെടുന്നു) ചുമത്താവുന്നതാകുന്നു.

എന്നാൽ, അപ്രകാരം നിശ്ചയിച്ച നിരക്ക് ഈ വകുപ്പ് പ്രകാരം ചുമത്തിയ വിനോദ നികുതിയുടെയും 2000-ലെ കേരള അധികാര വികേന്ദ്രീകരണ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിക്ക് മുമ്പ് ആ പ്രദേശത്ത് നിലവിലുള്ള 1963-ലെ കേരള അധിക വിനോദനികുതിയും പ്രദർശന നികുതിയിൻമേലുള്ള സർച്ചാർജ്ജും ആക്റ്റ് (1963-ലെ 22) പ്രകാരം ചുമത്തിയ അധിക വിനോദ നികുതിയുടെയും ആകെ തുകയിൽ കുറവായിരിക്കാൻ പാടുള്ളതല്ല.

3 ബി. അമ്യൂസ്മെന്റ് പാർക്കുകൾക്കുള്ള വിനോദ നികുതി.—(1) 3-ഉം 3എ-ഉം 4-ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഇതിലേക്കായി സർക്കാർ ഉണ്ടാക്കിയേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി ഓരോ വിഭാഗത്തിനു മെതിരെ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളുടെ പരിധിക്കുള്ളിൽ തദ്ദേശാധികാരസ്ഥാനം നിശ്ചയിക്കുന്ന ഒരു വാർഷിക വിനോദ നികുതി ഒരു അമ്യൂസ്മെന്റ് പാർക്കിന്റെ ഉടമസ്ഥൻ നൽകേണ്ടതാണ്, അതായത്.—

| *വിഭാഗം* | *തദ്ദേശാധികാരസ്ഥാനം നിശ്ചയിക്കേണ്ട വിനോദ നികുതി നിരക്കുകളുടെ പരിധി* |
|---|---|
| (1) | (2) |
| **എ-വിഭാഗം** | |
| 3 കോടി രൂപയിൽ താഴെ മുതൽമുടക്കുള്ളതും 2 ഹെക്ടർ വരെയും അതിന് താഴെയും വിസ്തീർണ്ണമുള്ള പ്രദേശത്തോടുകൂടിയതുമായ അമ്യൂസ്മെന്റ് പാർക്ക് (വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലവും മറ്റ് ഉപയോഗിക്കാത്ത/ഒഴിഞ്ഞ സ്ഥലവും ഒഴികെ) | 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ |

| (1) | (2) |
|---|---|
| **ബി–വിഭാഗം** | |
| 3 കോടി രൂപയും അതിനുമുകളിലും എന്നാൽ 10 കോടി രൂപയിൽ താഴെ മുതൽ മുടക്കുള്ളതും 2 ഹെക്ടറിനു മുകളിലും എന്നാൽ 4 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള പ്രദേശത്തോടു കൂടിയതുമായ അമ്യൂസ്മെന്റ് പാർക്ക് (വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലവും മറ്റ് ഉപയോഗിക്കാത്ത/ഒഴിഞ്ഞ സ്ഥലവും ഒഴികെ) | 10 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ |
| **സി–വിഭാഗം** | |
| 10 കോടി രൂപയും അതിനുമുകളിലും, എന്നാൽ 20 കോടി രൂപയിൽ താഴെ മുതൽമുടക്കുള്ളതും 4 ഹെക്ടറും അതിനുമുകളിലും എന്നാൽ 6 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള പ്രദേശത്തോടു കൂടിയതുമായ അമ്യൂസ്മെന്റ് പാർക്ക് (വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലവും മറ്റ് ഉപയോഗിക്കാത്ത/ഒഴിഞ്ഞ സ്ഥലവും ഒഴികെ) | 25 ലക്ഷം രൂപ മുതൽ 30 ലക്ഷം രൂപ വരെ |
| **ഡി–വിഭാഗം** | |
| 20 കോടി രൂപയും അതിനുമുകളിലും, എന്നാൽ 50 കോടി രൂപയിൽ താഴെ മുതൽ മുടക്കുള്ളതും 6 ഹെക്ടറും അതിനുമുകളിലും എന്നാൽ 10 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള പ്രദേശത്തോടു കൂടിയതുമായ അമ്യൂസ്മെന്റ് പാർക്ക് (വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലവും മറ്റ് ഉപയോഗിക്കാത്ത/ഒഴിഞ്ഞ സ്ഥലവും ഒഴികെ) | 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ |

| (1) | (2) |
|---|---|
| **ഇ–വിഭാഗം** | |
| 50 കോടി രൂപയും അതിനുമുകളിലും മുതൽ മുടക്കുള്ളതും 10 ഹെക്ടറും അതിനുമുകളിൽ വിസ്തീർണ്ണമുള്ള പ്രദേശത്തോടുകൂടിയതുമായ അമ്യൂസ്മെന്റ് പാർക്ക് (വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലവും മറ്റ് ഉപയോഗിക്കാത്ത/ ഒഴിഞ്ഞ സ്ഥലവും ഒഴികെ) | 80 ലക്ഷം രൂപ മുതൽ 100 ലക്ഷം രൂപ വരെ |

എന്നാൽ, അമ്യൂസ്മെന്റ് പാർക്കിന്റെ ആദ്യത്തെ നാലു വർഷത്തെ പ്രവർത്തന കാലയളവിൽ ചുമത്താവുന്ന വാർഷിക വിനോദനികുതി താഴെ പറയുന്ന നിരക്കിൽ ഇളവ് ചെയ്യേണ്ടതാണ്, അതായത്:—

| *കാലയളവ്* | *വിനോദനികുതി നിരക്കിലുള്ള ഇളവ്* |
|---|---|
| (1) | (2) |
| (എ) ഒന്നാം വർഷം | അറുപത് ശതമാനം |
| (ബി) രണ്ടാം വർഷം | നാൽപ്പത് ശതമാനം |
| (സി) മൂന്നാം വർഷം | ഇരുപത് ശതമാനം |
| (ഡി) നാലാം വർഷം | പത്ത് ശതമാനം |

എന്നുമാത്രമല്ല, തദ്ദേശാധികാരസ്ഥാനത്തിന്, വിനോദനികുതി തുല്യമാസ ഗഡുക്കളായി അടയ്ക്കുന്നതിന്, ഒരു അമ്യൂസ്മെന്റ് പാർക്കിന്റെ ഉടമസ്ഥനെ അനുവദിക്കാവുന്നതാണ്.

വിശദീകരണം 1:—അമ്യൂസ്മെന്റ് പാർക്ക് എന്നാൽ പണം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രവേശനമുള്ള നിർമ്മാണങ്ങളും കെട്ടിടങ്ങളും ഉൾപ്പെടാവുന്ന വിനോദത്തിനായി സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥിരം വാതിൽപ്പുറസൗകര്യം എന്നർത്ഥമാകുന്നു.

വിശദീകരണം 2:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, അമ്യൂസ്മെന്റ് പാർക്ക് ഇനം തിരിക്കുന്നതിൽ, മുതൽ മുടക്കും, ഭൂമിയുടെ വിസ്തീർണ്ണവും കൂടി മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഇനത്തിൽ വരാതെയിരിക്കുകയും എന്നാൽ മുതൽമുടക്കോ അല്ലെങ്കിൽ വിസ്തീർണ്ണമോ ഇനങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ കീഴിൽ വരുകയും ചെയ്യുന്നുവെങ്കിൽ ഉയർന്ന നികുതി നിരക്ക് ബാധകമാകുന്ന ഇനത്തിൽപ്പെടുത്തി അമ്യൂസ്മെന്റ് പാർക്കുകൾക്ക് നികുതി തിട്ടപ്പെടുത്തേണ്ടതാണ്.

(2) (എ) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അമ്യൂസ്മെന്റ് പാർക്കുകൾ ഇനം തിരിക്കുന്നതിന്റെ ആവശ്യത്തിനും പാർക്കുകളുടെ സുരക്ഷിതത്വം

ഉറപ്പുവരുത്തുന്നതിനും ഓരോ മൂന്നുവർഷത്തിലും നികുതി ഘടന പുനരവലോകനം ചെയ്യുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

(ബി) കമ്മിറ്റിയിൽ,—

(i) ഗവൺമെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) എക്സ്-ഒഫിഷ്യോ;

(ii) ഗവൺമെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) എക്സ്-ഒഫിഷ്യോ;

(iii) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യം (എക്സ്പെൻഡിച്ചർ) എക്സ്-ഒഫിഷ്യോ;

(iv) ഗവൺമെന്റ് സെക്രട്ടറി, വിനോദസഞ്ചാരം എക്സ്-ഒഫിഷ്യോ;

(v) ചെയർപേഴ്സൺ, മേയർമാരുടെ ചേംബർ;

(vi) ചെയർപേഴ്സൺ, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേബർ;

(vii) പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ;

(viii) ചീഫ് ടൗൺ പ്ലാനർ.

(സി) ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകളും കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

** ** **

5. <u>നികുതിക്ക് വിധേയമായ വിനോദങ്ങൾക്കായി ആളുകളെ പ്രവേശിപ്പിക്കൽ</u>.—(1) 4-ാം വകുപ്പിലും 6 <u>എ</u> വകുപ്പിലും പറഞ്ഞ സംഗതികളിലൊഴികെ, പ്രവേശനത്തിനുള്ള തുക വിനോദനികുതിക്ക് വിധേയമായിരിക്കുന്ന സംഗതിയിൽ യാതൊരു വിനോദത്തിനും, വിനോദത്തിന്റെ ഉടമസ്ഥൻ വിനോദത്തിനുള്ള പ്രവേശനത്തിന് പണം കൊടുക്കുന്നത് സംബന്ധിച്ച തവണക്കണക്കുകൾ സമർപ്പിക്കുന്നതിന് തദ്ദേശാധികാരസ്ഥാനം അംഗീകരിച്ച ഏർപ്പാടുകൾ ചെയ്യുകയും വിനോദനികുതി കൊടുക്കുന്നതിലേക്ക് തദ്ദേശാധികാരസ്ഥാനം അംഗീകരിച്ച ജാമ്യം കൊടുക്കുകയും ചെയ്തിട്ടില്ലാത്തപക്ഷം:—

(എ) തദ്ദേശാധികാരസ്ഥാനത്തിന്റെ മുദ്ര അടിച്ചതോ പതിച്ചതോ കൊത്തിയതോ ഒട്ടിച്ചതോ ആയതും, ടിക്കറ്റിനുള്ള ശരിയായ നികുതി കാണിക്കുന്നതുമായ ടിക്കറ്റോടുകൂടിയ അല്ലെങ്കിൽ,

(ബി) പ്രത്യേക സംഗതികളിൽ, പ്രവേശനം നൽകപ്പെടുന്ന ആളുകളുടെ എണ്ണം സ്വയം രേഖപ്പെടുത്തുന്ന ഒരു വേലി വഴിയായോ, അല്ലെങ്കിൽ അങ്ങനെ രേഖപ്പെടുത്തുന്ന യന്ത്രോപകരണം ഉപയോഗിച്ചോ ആണെങ്കിൽ തദ്ദേശാധികാരസ്ഥാനത്തിന്റെ സമ്മത ത്തോടുകൂടിയോ, അല്ലാതെ, പണം മേടിച്ച് യാതൊരാൾക്കും പ്രവേശനം നൽകുവാൻ പാടുള്ളതല്ല.

(2) 1-ാം ഉപവകുപ്പിലുള്ള യാതൊന്നും തന്നെ, മറ്റു വല്ല സംഗതിയിലും ഒരു വിനോദത്തിന്റെ ഉടമസ്ഥനോട്, വിനോദനികുതി അടയ്ക്കുന്നതിന് ജാമ്യം ആവശ്യപ്പെടുന്നതിൽനിന്ന് തദ്ദേശാധികാരസ്ഥാനത്തെ തടയുന്നതായി കരുതാൻ പാടുള്ളതല്ല.

** ** **

6. നികുതി അടയ്ക്കേണ്ട വിധം.—(1) പണം മേടിച്ച് പ്രവേശനം നൽകപ്പെടുന്ന ഓരോ ആളുടെ കാര്യത്തിലും വിനോദനികുതി ചുമത്തേണ്ടതും, ടിക്കറ്റുമൂലം പ്രവേശനം നൽകപ്പെടുന്ന സംഗതിയിൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ടിക്കറ്റുമൂലം അത് അടയ്ക്കേണ്ടതും, ടിക്കറ്റുമൂലമല്ലാതെ മറ്റു വിധത്തിലുള്ള പ്രവേശനത്തിന്റെ സംഗതിയിൽ പ്രവേശനം നൽകപ്പെട്ട ആളുകളുടെ എണ്ണം കണക്കാക്കി അടയ്ക്കേണ്ടതുമാകുന്നു.

(2) ടിക്കറ്റുമൂലമല്ലാതെ മറ്റുവിധത്തിലുള്ള പ്രവേശനത്തിന്റെ സംഗതിയിൽ ഉള്ള വിനോദനികുതി ഉടമസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(3) ഒരു വിനോദത്തിന് പ്രവേശനത്തിനുള്ള തുക ഏതെങ്കിലും സ്ഥാപനത്തിനുള്ള വരിയോ സംഭാവനയോ ആയോ, തുടർച്ചയായുള്ള വിനോദങ്ങൾക്കോ ഏതെങ്കിലും കാലഘട്ടത്തിലുള്ള ഏതെങ്കിലും വിനോദത്തിനോ ഉള്ള സീസൺ ടിക്കറ്റിനു വേണ്ടിയോ പ്രവേശനാവകാശത്തിനുവേണ്ടിയോ നൽകപ്പെടുന്ന ഒരു മൊത്തത്തുകമൂലം മുഴുവനായോ ഭാഗികമായോ കൊടുക്കുന്നപക്ഷം, ആ മൊത്തത്തുകയിൻമേൽ വിനോദനികുതി അടയ്ക്കേണ്ടതാകുന്നു. എന്നാൽ ഒരു മൊത്തത്തുക അടയ്ക്കുന്നതിലോ ഒരു ടിക്കറ്റിനു വല്ല പണവും കൊടുക്കുന്നതിലോ വിനോദത്തിനുള്ള പ്രവേശനത്തിനുപുറമേ മറ്റു വിശേഷാവകാശങ്ങൾക്കോ, അവകാശങ്ങൾക്കോ, കാര്യങ്ങൾക്കോ വേണ്ടിയുള്ള പണം കൊടുക്കുന്നതു കൂടി അടങ്ങിയിട്ടുണ്ടെന്നോ, നികുതി ബാധകമായിരുന്നിട്ടില്ലാത്ത വല്ല കാലത്തും ഒരു വിനോദത്തിന് പ്രവേശനത്തിനുള്ള അനുമതി ഉൾപ്പെട്ടിട്ടുണ്ടെന്നോ തദ്ദേശാധികാരസ്ഥാനത്തിന് അഭിപ്രായമുണ്ടാകുന്നതായാൽ, വിനോദനികുതി അടയ്ക്കേണ്ടതായ വിനോദങ്ങൾക്കുള്ള പ്രവേശനാധികാരത്തെ കാണിക്കുന്നതായി തദ്ദേശാധികാര സ്ഥാനത്തിന് തോന്നുന്ന തുകയിന്മേൽ നികുതി ചുമത്തേണ്ടതാകുന്നു.

** ** **

11. ചട്ടങ്ങളുണ്ടാക്കുവാൻ ഗവൺമെന്റിനുള്ള അധികാരം.— (1) ഈ ആക്റ്റിന്റെ എല്ലാ ഉദ്ദേശങ്ങളും അഥവാ ഏതെങ്കിലും ഉദ്ദേശങ്ങൾ നിറവേറ്റുവാൻ ഗവൺമെന്റിന് ഈ ആക്റ്റിനു വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ദൂഷ്യം കൂടാതെയും അവയ്ക്ക്,—

(എ) 4-ാം വകുപ്പ് പ്രകാരം മൊത്തത്തുകയാക്കി ഒന്നായിച്ചേർത്ത് കൊടുക്കുന്നതിനും,

(ബി) വിനോദനികുതി കൊടുക്കുന്നതിൽ നിന്നുള്ള ഒഴിവിന് അപേക്ഷകൾ ബോധിപ്പിക്കുകയും അവയുടെ കാര്യത്തിൻ തീർപ്പുകൽപ്പിക്കുകയും ചെയ്യുന്നതിനും ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

** ** **

---

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 210

# 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 210

# 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ